**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2883** **10-03-2025 - ൽ മറുപടിയ്ക്ക്**

**ആന്റിവെനം നിർമ്മിക്കുന്നതിനുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ 2016 മുതൽ നാളിതുവരെ എത്രപേർ പാമ്പ് കടിയേറ്റ് മരണപ്പെട്ടിട്ടുണ്ടെന്നുള്ള കണക്ക് വർഷം തിരിച്ച് വ്യക്തമാക്കുമോ; | (എ) | കേരളത്തിൽ 2016-17 മുതൽ 2024-25 (03/03/2025) വരെ ആകെ 636 പേർ പാമ്പ് കടിയേറ്റ് മരണപ്പെട്ടിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്ത് ആന്റിവനം നിർമ്മിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്തെ മനുഷ്യ വന്യജീവിസംഘർഷം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 10 മിഷനുകളടങ്ങിയ ഒരു കർമ്മപദ്ധതിക്ക് 26/02/2025 ലെ സർക്കാർ ഉത്തരവ് (കൈ) നം. 8/2025/വനം നം. ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത 10 മിഷനുകളിലൊന്നായ "SARPA" യിൽ പാമ്പുകടിയേറ്റുള്ള മരണം പൂർണ്ണമായും ഒഴിവാക്കുന്നതിലേക്കായി നടത്തേണ്ട പ്രവർത്തനങ്ങളിൽ ഒന്ന് പ്രാദേശികമായി കൂടുതൽ ഫലപ്രദമായ ആന്റിവെനം നിർമ്മിക്കുക എന്നതാണ്. ഈ വിഷയം ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചിച്ച് നടപ്പിലാക്കുന്ന കാര്യം പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | വർഷം | പാമ്പ്കടിയേറ്റ് മരണപ്പെട്ടവരുടെ എണ്ണം |
|---|---|---|
| 1 | 2016-17 | 119 |
| 2 | 2017-18 | 92 |
| 3 | 2018-19 | 123 |
| 4 | 2019-20 | 71 |
| 5 | 2020-21 | 52 |
| 6 | 2021-22 | 65 |
| 7 | 2022-23 | 48 |
| 8 | 2023-24 | 34 |
| 9 | 2024-25 (03/03/2025 വരെ) | 32 |
| | **ആകെ** | **636** |